**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 419** **08-10-2024 - ൽ മറുപടിയ്ക്ക്**

**മെഡിസെപ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മെഡിസെപ് പദ്ധതി പ്രകാരം ആദ്യഘട്ടത്തിൽ പിരിച്ചെടുത്ത പ്രീമിയം എത്ര; ഇതിൽ കോർപസ് ഫണ്ടിലേക്ക് മാറ്റിയത് എത്രയാണെന്ന് തരംതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) | മെഡിസെപ് പദ്ധതി ആരംഭിച്ചതിനു ശേഷം ഒന്നാം പോളിസി വർഷത്തിൽ 657.02 കോടി രൂപയും രണ്ടാം പോളിസി വർഷത്തിൽ 668.42/- കോടി രൂപയും, മൂന്നാം പോളിസി വർഷത്തിൽ നാളിതുവരെ 217.95 കോടി രൂപയും പ്രീമിയമിനത്തിൽ പിരിച്ചെടുത്തിട്ടുണ്ട്. സർക്കാർ മുൻകൂറായി നൽകുന്ന തുക റീക്കൂപ്പ് ചെയ്തതിന് ശേഷമാണ് ബാക്കി തുക കോർപ്പസ് ഫണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നത്. ഇപ്രകാരം 36,79,29,710/- രൂപ ഒന്നാം പോളിസി വർഷത്തിലും 18,74,81,782/- രൂപ രണ്ടാം പോളിസി വർഷത്തിലും കോർപ്പസ് ഫണ്ടിനത്തിലേക്ക്ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. |
| (ബി) | ഈ പ്രീമിയത്തിൽ നിന്നും ഇൻഷുറൻസ് കമ്പനി ആശുപത്രിക്ക് നൽകിയ തുക, കോർപസ് ഫണ്ട് വഴി ചിലവഴിച്ച തുക എന്നിവ പ്രത്യേകം തരംതിരിച്ച് ലഭ്യമാക്കാമോ? | (ബി) | **23.06.2022 ലെ സ.ഉ.(പി)നം. 70/2022/ധന പ്രകാരം നടപ്പിലാക്കിയ മെഡിസെപ് പദ്ധതിയിലെ അവയവമാറ്റ ശസ്ത്രക്രിയകൾക്കുള്ള ചികിത്സയ്ക്ക് വിനിയോഗിക്കുവാനായി സർക്കാർ ഇൻഷുറൻസ് കമ്പനിയ്ക്ക് പോളിസി കാലയളവിൽ പ്രീമിയം ഇനത്തിൽ നൽകുന്ന തുകയിൽ നിന്നും 3 വർഷ കാലയളവിലേക്ക് 35 കോടി രൂപ നീക്കിയിരിപ്പായി മാറ്റിവച്ചിരുന്നു. എന്നാൽ ഈ തുക പദ്ധതി ആരംഭിച്ച് ആദ്യ 6 മാസത്തിനുള്ളിൽ തന്നെ വിനിയോഗിച്ചു കഴിഞ്ഞതിനാൽ 01.04.2023 മുതൽ നാളിതുവരെ 40.21 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കോർപ്പസ് ഫണ്ടിനത്തിലുള്ള തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് 08.09.2023 തീയതിയിലെ സ.ഉ.(പി)നം. 6416/2023/ധന പ്രകാരം ഒരു SOP(Standard Operating Procedure) പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം കോർപ്പസ് ഫണ്ടിൽ നിന്നും അനുവദിച്ച തുകയായ 40.21 കോടി രൂപയിൽ 18% ജി.എസ്.ടി., 3% സർവ്വീസ് ചാർജ്ജ് കഴിച്ച് പ്രീമിയം ഇനത്തിൽ വിനിയോഗിക്കുവാൻ കഴിയുന്ന തുക 23.08 കോടിയാണ്. ആയതിൽ നിന്നും 16.43 കോടി** |

| | | | |
|---|---|---|---|
| | | | **രൂപയുടെ ക്ലെയിം സെറ്റിൽമെന്റ് നടത്തിയതായി ഇൻഷ്വറൻസ് കമ്പനി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ